# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *120 — 12/06/2014 ൽ മറുപടിക്ക്

### സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളി റ്റി എഡ്യൂക്കേഷൻ ഇൻ മദ്രസാസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി<br>" എ. കെ. ശശീന്ദ്രൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) മദ്രസകളുടെ പഠന നില വാരം ഉയർത്താനുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ "സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളി റ്റി എഡ്യൂക്കേഷൻ ഇൻ മദ്രസാസ് അനുസരിച്ച് സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ച തുക എത്ര ; | എ) സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസാസ് (SPQEM) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ 22.67 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 70.97 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട് |
| ബി) വഖഫ് ബോർഡിന്റെയോ മദ്രസബോർഡിന്റെയോ നിയോസിന്റെയോ അംഗീകാരമില്ലാത്ത മദ്രസകൾക്ക് പ്രസ്തുത പദ്ധതിയനുസരിച്ച് തുക നൽകിയിട്ടുണ്ടോ ; | ബി) വഖഫ് ബോർഡ്, മദ്രസാ ബോർഡ്, നിയോസ് എന്നിവക്ക് പുറമെ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മദ്രസകൾക്കും ഈ സ്കീമിൽ ഉൾപ്പെടുത്തി ഗ്രാന്റ് നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത വിഷയം സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | സി) കൃത്യമായ പരിശോധന നടത്തണമെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാന്റ് കൈപ്പറ്റിയ എല്ലാ മദ്രസകളിലും വിശദമായ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) കാര്യമായ പരിശോധന കൂടാതെ നടക്കുന്ന ഫണ്ട് കൈമാറ്റത്തെക്കുറിച്ച് ചീഫ് സെക്രട്ടറിക്ക് നൽകിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | ഡി) പ്രസ്തുത പരാതി ലഭിച്ചതായി കാണുന്നില്ല |

സെക്ഷൻ ഓഫീസർ